പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1337 — 03.12.2015 -ൽ മറുപടിക്ക്

## വിലവിവര പട്ടികയുടെ പ്രദർശനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് വ്യാപാര സ്ഥാപനങ്ങളിൽ വിലവിവര പട്ടിക പ്രദർശിപ്പിച്ചിരിക്കണമെന്ന വ്യവസ്ഥ നിലവിൽ ഉണ്ടോ; ഇത് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ; | (എ) ഉണ്ട്. സംസ്ഥാനത്ത് ഭക്ഷ്യ സാധനങ്ങൾക്കും മറ്റ് അവശ്യ സാധനങ്ങൾക്കും അമിത വില ഈടാക്കുന്നത് തടയുന്നതിനായി വില വിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പ് വരുത്തുന്നതിനായി പൊതു വിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977 ലെയും 1980 ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്സ്) ഓർഡർ എന്നിവ പ്രകാരവും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) വിലവിവര പട്ടിക പ്രദർശിപ്പിക്കാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങള എത്ര ; നിലവിൽ സംസ്ഥാനത്ത് എത്ര വ്യാപാര സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നുണ്ട് ; ഇതിൽ വിലവിവര പട്ടിക പ്രദർശിപ്പാക്കാത്തതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടവർ എത്ര ; | (ബി) ജില്ലാ സപ്ലൈ ഓഫീസർമാർ നടത്തിയ പരിശോധനയിൽ 6514 എണ്ണം വ്യാപാര സ്ഥാപനങ്ങൾ വില വിവര പട്ടിക പ്രദർശിപ്പിക്കാതെ പ്രവർത്തിപ്പിക്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് എത്ര വ്യാപാര സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നുണ്ട് എന്ന വിവരം ലഭ്യമല്ല. വില വിവര പട്ടിക പ്രദർശിപ്പിക്കാതെ പ്രവർത്തിപ്പിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും 1977 ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977 ലെയും |

| | |
|---|---|
| | 1980 ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്ക്) ഓർഡർ നിയമ പ്രകാരം പിഴ ചുമത്താറുണ്ട്. വില വിവര പട്ടിക പ്രദർശിപ്പിക്കാതെ പ്രവർത്തിപ്പിച്ചതിന് 6514 എണ്ണം വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തിയിട്ടുണ്ട്. |
| (സി) ഒരേ സാധനത്തിന് വ്യത്യസ്ത നിരക്കിൽ വില ഈടാക്കി വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഒരേ സാധനത്തിന് ഗുണമേന്മയിലുള്ള വ്യത്യാസം പ്രകാരം വ്യത്യസ്ത നിരക്കിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) അളവിലും തൂക്കത്തിലും വ്യത്യാസം ഉണ്ടാകുന്നത് നിയന്ത്രിക്കാനുള്ള സംവിധാനം ഉൾപ്പെടെ പ്രവൃത്തിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ ? | (ഡി) അളവിലും തൂക്കത്തിലും വ്യത്യാസം ഉണ്ടാകുനാത് നിയന്ത്രിക്കുന്നതിന് സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ